reasonable. It will take some time to go through these things and wherever possible the Government is not at all very strict in exacting conditions.

Mr. T. A. Ramachandra Ayyar *(Nellayi):* What is the rate of interest and the period for repayment?

Dr. A. R. Menon *(Minister for Rural Development):* The rate of interest is 2 to 6 per cent and the period 8 to 10 years. Generally the rate is 2 per cent.

Mr. K. R. Viswambharan *(Ezhuvas-Talappalli):* May I know whether any amount has been repaid by these people?

Dr. A. R. Menon *(Minister for Rural Development):* I am sure they are collecting it. Year by year it is being collected.

Mr. A. V. Moothedan *(Chalakkudi):* In the matter of grants under the State Aid to Industries Act do you insist upon security so rigidly as in the case of Land Mortgage Bank?

Dr. A. R. Menon *(Minister for Rural Development):* We must insist upon some sort of security. But we are not very strict.

DEPRESSED CLASS CANDIDATES QUALIFIED IN WEAVING—EMPLOYMENT OF.

78. മിസ്റ്റർ കെ. പി. വള്ളോൻ: താഴെ എഴുതുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്നും ദയവായി മറുപടി നൽകുമോ:—

വീവിംഗ് പരീക്ഷയിൽ വിജയികളായി ജോലി ലഭിക്കാത്ത അധഃകൃതർക്ക് വിജയരാഘവപുരം, ഹെർബട്ട് നഗർ എന്നീ സ്ഥലങ്ങളിൽതുടങ്ങിട്ടുള്ള നെയ്ത്തു ശാലകളിൽ കൂലിവേലകൾ നൽകി അവരുടെ പട്ടിണിക്ക് ഒരു പരിഹാരം ഉണ്ടാക്കുവാൻ ദയവുണ്ടാകുമോ?

ഡാക്ടർ എ. ആർ. മേനോൻ: വിജയരാഘവപുരം കോളനിയിൽ തുടങ്ങീട്ടുള്ള നെയ്ത്തുശാല വളരെ ചെറിയ തോതിലാണ്. അതിൽ ചേക്കാവുന്നിടത്തോളം അധഃകൃതരെ ചേർക്കുന്നതാണ്. ഹെർബട്ട് നഗരത്തിൽ നെയ്ത്തുശാല ഇതുവരെ തുടങ്ങീട്ടില്ല. അവിടെ അടുത്തുതന്നെ തുടങ്ങുവാൻ പോകുന്നുണ്ട്.

മിസ്റ്റർ കെ. പി. വള്ളോൻ: ചേക്കാവുന്നിടത്തോളം അധഃകൃതരെ ചേർക്കുന്നതാണെന്നു പറഞ്ഞിട്ടുണ്ട്. അങ്ങിനെ ചേർക്കുന്നതു പഠിച്ചു പാസായിട്ടുള്ളവരേയൊ അതോ ഇപ്പോൾ പഠിച്ചുവരുന്നവരേയൊ ആരെ ആണെന്നറിഞ്ഞാൽ കൊള്ളാം.

ഡാക്ടർ എ. ആർ. മേനോൻ: പഠിച്ചുവരുന്നവരെ.

മിസ്റ്റർ കെ. പി. വള്ളോൻ: അവരിൽ പഠിച്ചു പാസായിട്ടുള്ളവരുണ്ടെങ്കിൽ അവർക്ക് ജോലി കൊടുത്തുകൂടേയോ?

LIBRARY ARCHIVES Kerala Legislative Assembly

ഡാക്ടർ എ. ആർ. മേനോൻ: നിശ്ചയമായും കൊടുക്കും. ഈ ഡിപ്പാർട്ട്മെണ്ടിൽ കഴിയുന്നിടത്തോളം ചെറുമക്കൾക്കും പുലയർക്കും കൊടുത്തതിനു ശേഷമല്ലാതെ വേറെ ആൾക്കും കൊടുക്കുകയില്ല.

മിസ്റ്റർ എ. വി. മൂന്നേടൻ: ചാലക്കുടിയിലെ വിജയരാഘവപുരം നെയ്ത്തുശാലയിൽ എത്ര തറികളുണ്ട്?

Dr. A. R. Menon *(Minister for Rural Development)*: I cannot give you details.

DEPRESSED CLASSES—CONCESSIONS TO FAILED PUPILS.

79. മിസ്റ്റർ കെ. പി. വള്ളോൻ: താഴെ എഴുതുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്നും സദയം മറുപടി നൽകുമോ:—

(എ) തോറ്റ അധഃകൃത വിദ്യാർത്ഥികൾക്കു പുസ്തകം മുതലായ വിദ്യാർത്ഥിവേതനങ്ങൾ എഫ് ഫോം 8-ൽ അനുവദിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എല്ലാ വിദ്യാലയങ്ങളിൽനിന്നും തോറ്റ വിദ്യാർത്ഥികളുടേയും ഇൻറൻവ്യൂ അയക്കേണ്ടതാണെന്ന ഒരു കല്പന പുറപ്പെടുവിക്കുമോ?

ഡാക്ടർ എ. ആർ. മേനോൻ: (എ) ഒരുകൊല്ലം മാത്രം തോറ്റ അധഃകൃത വിദ്യാർത്ഥികൾക്കു പുസ്തകങ്ങൾ അനുവദിച്ചിട്ടുണ്ട്.

(ബി) കല്പന മുമ്പുതന്നെ പുറപ്പെടുവിച്ചിട്ടുണ്ട്.

മിസ്റ്റർ കെ. പി. വള്ളോൻ: ഒരു കൊല്ലം തോറ്റ വിദ്യാർത്ഥികൾ എന്നതു രണ്ടു കൊല്ലം എന്നാക്കി മാറ്റുവാൻ പാടില്ലേ?

ഡാക്ടർ എ. ആർ. മേനോൻ: ഇതിനുതന്നെ ഏകദേശം ൪,൦൦൦ രൂപയിൽ അധികം വേണ്ടിവരുന്നുണ്ട്. അവക്കായിട്ടു നീക്കിവെച്ചിട്ടുള്ള സംഖ്യ മുഴുവനും അവക്കായിട്ടതന്നെ ചിലവാക്കും. അല്ലാതെ അതെടുത്തു വേറെ ഒരു ഇനത്തിലേക്കു മാറ്റുകയാകട്ടെ ലാപ്സാക്കുകയാകട്ടെ ചെയ്യുകയില്ല.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: പുസ്തകങ്ങൾ കൊടുത്തിട്ടു കുട്ടികൾ തോല്ക്കുന്നതുകൊണ്ടു ഗവൺമെണ്ടിനു നഷ്ടം വരുകയില്ലേ?

ഡാക്ടർ എ. ആർ. മേനോൻ: കുറെ നഷ്ടംവരും. എന്താണെന്നുവെച്ചാൽ ഒരു കൊല്ലം തോറ്റ കുട്ടികൾക്കു രണ്ടാമതും പുസ്തകം വാങ്ങിക്കൊടുക്കുവാൻ ചിലവുണ്ട്. അധഃകൃതവിദ്യാർത്ഥികൾക്കും മറ്റുള്ള വിദ്യാർത്ഥികൾക്കും പുസ്തകം ആവശ്യമുള്ളതു ഒരുപോലെതന്നെ. ഈ ഹൌസു നല്ലപോലെ ഗ്രഹിച്ചു മനസ്സിലാക്കണം. ഒരു കൊല്ലം തോറ്റ കുട്ടികൾക്കു പുസ്തകം മാത്രം വാങ്ങിക്കൊടുക്കുന്നതിനു ൪,൦൦൦ രൂപിക ചിലവുവരുന്നുണ്ടെന്നുള്ളതു്.

മിസ്റ്റർ സി. വി. ഇയ്യു: ധനികന്മാരായ ക്ഷുദ്രകർഷകന്മാരുടെ കുട്ടികൾ പഠിച്ചു പാസായാൽ ആ കൊല്ലത്തെ പുസ്തകം അധഃകൃതകുട്ടികൾക്കു ദാനം ചെയ്യണമെന്നു ഗവൺമെണ്ടിൽനിന്നും ഉടയവായി ഒരു സർക്കുലർ പുറപ്പെടുവിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly